സഞ്ചാരപ്പടി

*൭ ൦൩. (൪൩) † ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.

(എ) ഉദ്യോഗസ്ഥന്മാർ ആരും തന്നെ ഒരു തവണ ൧൦൦ രൂപയിൽ കൂടുതൽ സഞ്ചാരപ്പടി എഴുതി വാങ്ങരുതെന്ന സർക്കുലർ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ കോവാപ്പറേറീവു രജിസ്ട്രാർ അതിൽ കൂടുതൽ വാങ്ങിയിട്ടുണ്ടോ?

ധനകാര്യവും, നിയമവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) അപ്രകാരം ഒരു സർക്കുലർ ഇല്ല.

(ബി) മേൽപറഞ്ഞ കാരണത്താൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ക്ഷേത്രധ്വംസനം

*൭൧൦. (൪൭) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമല ക്ഷേത്രധ്വംസനത്തെ സംബന്ധിച്ചു ഒരു സ്പെഷ്യൽ ആഫീസറേയും സ്റ്റാഫിനേയും വച്ചു അന്വേഷിക്കുകയുണ്ടായിട്ടില്ലേ;

(ബി) ഉണ്ടെങ്കിൽ അവരുടെ റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) ആ സ്റ്റാഫ് ഇപ്പോഴും നിലവിലുണ്ടോ;

(ഡി) റിപ്പോർട്ട സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഈ കേസിനെ സംബന്ധിച്ചു വല്ല തെളിവും കിട്ടിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) സ്പെഷ്യലാഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഒരു സ്പെഷ്യൽ സ്റ്റാഫ് ഇപ്പോഴും നിലവിലുണ്ട്.

(ഡി) അന്വേഷണം അവസാനിച്ചിട്ടില്ലാത്തതിനാൽ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: സ്പെഷ്യൽ സ്റ്റാഫ് ഇപ്പോൾ ആരുടെ കീഴിലാണ് ജോലിചെയ്യുന്നതെന്ന പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: ഐ. ജി. ഓഫ് പോലിസിന്റെ കീഴിലാണ്.

ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: അന്വേഷണം പൂർത്തിയാകുന്നതിനു എത്രകാലം വേണ്ടിവരുമെന്ന പറയാമോ?

ശ്രീ. സി. കേശവൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്.

ശ്രീ. പി. കെ. ഡിവർ: ഈ കേസിൽ ഊർജ്ജിതമായ അന്വേഷണം നടത്തണമെന്ന പ്രധാനമന്ത്രി ഉത്തരവു കൊടുത്തിട്ടുള്ളതായി പത്രങ്ങളിൽകണ്ടതു ശരിയാണോ?

ശ്രീ. സി. കേശവൻ: ഈ കേസ് സംബന്ധിച്ചുമാത്രമല്ല അങ്ങനെ ഉത്തരവു കൊടുത്തിട്ടുള്ളതു.

†Answer to this question laid on the table, the questioner having exhansted her quota.

LIBRARY ARCHIVES Kerala Legislative Assembly